ശ്രീ. ടി. എം. ജേക്കബ്: ഇപ്പോഴത്തെ നിലവിലുള്ള ഉപദേശകസമിതി പലതവണ വർഷങ്ങളായി പ്രവർത്തിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്. ഇതു പിരിച്ചു വിട്ട് പുതിയ ഒരു ഉപദേശക സമിതി രൂപീകരിക്കുമ്പോഴത്തെ നമ്പർ കുറച്ച് ഇഫക്റ്റീവ് ആക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പുതിയ ഉപദേശക സമിതിയുടെ പേരു കൊടുത്തു കഴിഞ്ഞു. ഇനി അതിന്റെ നമ്പർ കുറയ്ക്കാൻ സാദ്ധ്യമല്ല. ക്രമക്കേടുകളും കാണിക്കുന്നവരെ പിരിച്ചു വിടാൻ കഴിയും.

ശ്രീ. പി. ശങ്കർ: ഇപ്പോഴുള്ള ഉപദേശക സമിതിയിൽ എത്ര പേരുണ്ട്, അതിന്റെ കോറം എത്രയാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: പുതിയ ഉപദേശക സമിതിയുടെ പേരു കൊടുത്തു കഴിഞ്ഞു. അതു കോർപ്പറേഷൻ സ്വീകരിച്ചും കഴിഞ്ഞു. മുമ്പുള്ളവരെ പിരിച്ചു വിടുകയും ചെയ്തു. രണ്ടിന്റേയും നമ്പർ 130 വീതമാണ്.

കൊച്ചി-ഗൾഫ് കപ്പൽ ഗതാഗതം

*403 [427] ശ്രീ. എ. എൻ. യൂസഫ്:
ശ്രീ. പി. ശങ്കർ:
ശ്രീ. സി. എ. കുര്യൻ:
ശ്രീ. വി. കെ. രാജൻ:
ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽനിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് കപ്പൽ ഗതാഗതം ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികളും എത്രത്തോളമായി;

(സി) യാത്രക്കപ്പലിൽ എത്രയാളുകളെ കൊണ്ടുപോകുന്നതിനു ഉദ്ദേശിക്കുന്നുണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ), (ബി), (സി). കേരള ഗവൺമെന്റിനു തൽക്കാലം ഉദ്ദേശമില്ല. ഒരു സ്വകാര്യ കമ്പനിക്കു പരിപാടിയുണ്ട് എന്ന പത്ര റിപ്പോർട്ടുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ശ്രീ. പി. ശങ്കർ: ഇതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു പറഞ്ഞു. അത് എന്തെങ്കിലും ആരംഭിക്കുവാനുള്ള പരിപാടിയുണ്ടോ? അതു സംബന്ധിച്ച് എന്തെങ്കിലും നടക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെന്റിനു നേരിട്ടു നടത്താൻ ഉദ്ദേശമില്ല. ഒരു പ്രൈവറ്റു കമ്പനിക്കു ഉദ്ദേശമുണ്ടെന്നു പറഞ്ഞു. ഗവൺമെന്റിനെ സമീപിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അപ്പോൾ ആലോചിക്കാം.

ശ്രീ. വി. കെ. രാജൻ: കൊച്ചിയിൽനിന്നും ഗൾഫിലേക്കു കപ്പലിൽ യാത്ര ചെയ്യാൻ എത്ര ദിവസം വേണ്ടി വരുമെന്നു കണക്കെടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ കണക്കെടുത്തിട്ടില്ല.

ശ്രീ. വി. കെ. രാജൻ: അടുത്ത ദിവസം കൊച്ചിയിൽനിന്നും ഒരു കപ്പലിനു പോകാൻ കഴിഞ്ഞില്ലെന്ന ഒരു വാർത്ത പത്രത്തിൽ വായിക്കുകയുണ്ടായി. 120 ആളുകൾക്കു യാത്രചെയ്യാൻ സൗകര്യമുണ്ടായിരുന്നിട്ടും 60 ആളുകളെ മാത്രമേ കിട്ടിയുള്ളു എന്നതുകൊണ്ട് യാത്ര മാറ്റി വച്ചതായി വാർത്ത കണ്ടു. അതു ശരിയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല. ആ വാർത്തയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എം. കെ. കേശവൻ: ഗൾഫ് രാജ്യങ്ങളിലേക്കു കൂടുതൽ ആളുകൾ ഇന്നു പോകുന്നതുകൊണ്ട് കപ്പൽ വഴി ഗൾഫിലേക്കു പോകുന്ന മാർഗ്ഗത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നടപടി എന്നേയ്ക്കു ആകുമെന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മൂന്നു മൂന്നര മണിക്കൂർ കൊണ്ട് ഗൾഫിലേക്കു പോകാനുള്ള യാത്രാസൗകര്യം നിലവിലുള്ളപ്പോൾ കൂടുതൽ സമയമെടുത്തു പോകാൻ ആളുകളെ കിട്ടുകയില്ലെന്ന രീതിയിൽ ഗവൺമെന്റ് അക്കാര്യം ആലോചിക്കുന്നില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: ഗവൺമെന്റ് ഇങ്ങനെ ഒരു ഗതാഗതത്തിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞു. എന്നാൽ ഗവൺമെന്റിനു ബന്ധമുള്ള ഷിപ്പിംഗ് കോർപ്പറേഷനെക്കൊണ്ട് ഇങ്ങനെ ഒരു നടപടി സ്വീകരിപ്പിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: യാത്രയ്ക്കു ഒരു കപ്പൽ വേണമെന്ന് ആഗ്രഹിക്കത്തതുകൊണ്ട് ഷിപ്പിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്താൻ സാദ്ധ്യമല്ല. ചരക്കു കയറ്റി അയക്കുന്നതിൽ പ്രയോജനമുണ്ടോ എന്നു ആലോചിക്കാം.

കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവയുടെ വിവർത്തനം

*404 [428] ശ്രീ. പി. ആർ. ശിവൻ:

ശ്രീ. ടി. കെ. രാമകൃഷ്ണൻ:

ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ മലയാളത്തിൽ വിവർത്തനം ചെയ്തു അച്ചടിക്കുന്നതിനുവേണ്ടി കേന്ദ്രം വല്ല തുകയും അനുവദിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര;

(സി) ഇത്തരം വിവർത്തനങ്ങൾ അച്ചടിക്കുന്നതു ഏതു പ്രസ്സിലാണ്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): (എ), (ബി). കേന്ദ്ര നിയമങ്ങൾ പരിഭാഷപ്പെടുത്തുന്നതിനും പരിഭാഷപ്പെടുത്തിയവ അച്ചടിക്കുന്നതിനും ചെലവാകുന്ന തുക കേന്ദ്രം സംസ്ഥാനത്തിനു മടക്കിത്തരുന്നുണ്ട്. 400 വാക്കുകളിൽ കുറയാത്ത

LIBRARY ARCHIVES Kerala Legislative Assembly